1. ശ്രീ. എം. വി. ഗോവിന്ദൻമാഷ് എം. എൽ. എ. (ചെയർമാൻ)
2. ശ്രീ. കെ. വി. പ്രേമരാജൻ
3. ശ്രീ. കെ. ബാലകൃഷ്ണൻ നമ്പ്യാർ
4. ശ്രീ. കെ. വി. വിജയൻ
5. ശ്രീ. സി. ശ്രീനിവാസൻ
6. ശ്രീമതി എം. ജയലക്ഷ്മി
7. ശ്രീ. കെ. വി. ബാലൻമാസ്റ്റർ
8. ശ്രീ. പി. പി. വേണു

(ഇ) അമ്യൂസ്മെന്റ് പാർക്ക്, മ്യൂസിയം, തീം പാർക്ക് സഫാരി പാർക്ക്, ട്രാവൽ ഏജൻസി, സ്വദേശി വിദേശി ടൂറിസ്റ്റുകൾക്കുവേണ്ടി ടൂർ സംഘടിപ്പിക്കുക, ആയൂർവേദിക് മസാജ്സെന്റർ, ഹോട്ടൽ റസ്റ്റാറന്റ് ക്യൂൾബാർ, ഐസ് ക്രീം സ്റ്റാൾ, മോട്ടൽ, ഹോട്ട് ആന്റ് കൂൾ ബീവറേജ് പാർലറുകൾ, കരകൗശല കൗതുക വസ്തു വ്യാപാര ശാലകൾ കാറ്ററിംഗ് സർവ്വീസ്, വാട്ടർ സ്പോർട്സ് എല്ലാവിധ സൗകര്യങ്ങളുമുള്ള ഹിൽ റിസോർട്ടുകളും ബീച്ച് റിസോർട്ടുകളും നീന്തൽക്കുളം ഹെൽത്ത് ക്ലബ് ടൈം ഷെയർ റിസോർട്ടുകൾ തുടങ്ങിയവ പ്രൊമോട്ടുചെയ്യുക, സ്ഥാപിക്കുക, മെയിന്റയിൻ ചെയ്യുകയും മാനേജ് ചെയ്യുകയും ചെയ്യുക ഇവയൊക്കെയാണ് സംഘത്തിന്റെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ.

(എഫ്) പ്രൊജക്ട് റിപ്പോർട്ട് പൂർത്തിയായിട്ടില്ല.

(ജി&എച്ച്) സംഘത്തിലെ അംഗങ്ങളുടെ പേരുവിവരം അടങ്ങുന്ന ലിസ്റ്റും അനുബന്ധമായി വച്ചിട്ടുണ്ട്†.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II അറിയിപ്പ്

പഴയ നിയമസഭാ മന്ദിരം ഒരു ചരിത്രസ്മാരകമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ഓർഡർ.....ഓർഡർ..... പഴയ നിയമസഭാ മന്ദിരം ഒരു ചരിത്രസ്മരകമായി സൂക്ഷിക്കണമെന്ന് കക്ഷിനേതാക്കളുടെ യോഗം എടുത്ത തീരുമാനം ഈ സഭയിൽ പ്രഖ്യാപിച്ചിട്ടുള്ള കാര്യമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ അത് ഓർക്കുമല്ലോ. നമ്മുടെ 112 വർഷത്തെ നിയമനിർമ്മാണ സഭകളുടെ ചരിത്രത്തിന്റെ പ്രതീകമായി പ്രസ്തുത മന്ദിരം നിലനിറുത്താനാണ് ഉദ്ദേശിക്കുന്നത്. ഫെബ്രുവരി 24-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് ബഹുമാനപ്പെട്ട ഉപരാഷ്ട്രപതി ശ്രീ. കൃഷ്ണൻകാന്ത് പഴയ നിയമസഭാമന്ദിരം ഒരു ചരിത്ര സ്മാരകമായി പ്രഖ്യാപിക്കുകയും രാഷ്ട്രത്തിന് സമർപ്പിക്കുകയും

† അനുബന്ധം XXV

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യും. പഴയ നിയമസഭാ ഹാളിൽ വച്ചാണ് പ്രസ്തുത ചടങ്ങ് നടക്കുന്നത്. ഇത് സംബന്ധമായിട്ടുള്ള ക്ഷണക്കത്ത് ബഹുമാനപ്പെട്ട എല്ലാ അംഗങ്ങൾക്കും ഇതിനകം നല്കിയിട്ടുണ്ട്. പഴയ ഹാളിൽ ഈ സഭയിലെ അംഗങ്ങൾക്ക് ഇരിക്കുവാനുള്ള ഒരു അവസാന അവസരമായിട്ടുകൂടി ചെയർ ഇതിനെ കാണുകയാണ്. അത് മാത്രമല്ല, സഭാംഗങ്ങൾക്ക് ആ ഹാളുമായിട്ട് വൈകാരികമായിട്ട് ബന്ധമുണ്ട്. അവർ അവസാനമിരുന്ന സീറ്റുകൾ അതേപടി നിലനിറുത്തുവാനാണ് ഉദ്ദേശിക്കുന്നത്. അവരവരുടെ സീറ്റുകളിൽ പേരുകൾ വച്ചിട്ട് അവസാനം ആരൊക്കെയാണ് അവിടെയുണ്ടായിരുന്നതെന്ന് അവിടെയുണ്ടാകും. എല്ലാപേരും ആ ചടങ്ങിൽ പങ്കെടുത്ത് ആ ചടങ്ങ് അവിസ്മരണീയമാക്കി മാറ്റണമെന്ന് അഭ്യർത്ഥിക്കുന്നു.

III അടിയന്തിരപ്രമേയം

യൂണിവേഴ്സിറ്റി കോളേജ് ഹോസ്റ്റലിൽ താമസിക്കുന്ന അന്ധവിദ്യാർത്ഥികളെ മർദ്ദിച്ച സംഭവം

മി. സ്പീക്കർ : 2001 ഫെബ്രുവരി 18-ാം തീയതി തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ താമസിക്കുന്ന അന്ധവിദ്യാർത്ഥികളെ മർദ്ദിച്ച സംഭവത്തിൽ പ്രതികളെ അറസ്റ്റ് ചെയ്യാത്തതിനാൽ മറ്റ് വിദ്യാർത്ഥികളും രക്ഷിതാക്കളും പരിഭ്രാന്തരായിട്ടുള്ള ഗുരുതരായ സ്ഥിതിവിശേഷം 50-ാം ചട്ടപ്രകാരം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പാലോട് രവി, ശ്രീ. തോമസ് ചാഴികാടൻ, ശ്രീ. ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു നോട്ടീസ് നല്കിയിട്ടുണ്ട്. 9. 30 A.M.]

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, തിരുവനന്തപുരം എസ്.എം.വി. മോഡൽ ഹൈസ്കൂളിൽ പ്ലസ് ടുവിന് പഠിക്കുന്ന ശ്രീകുമാറിനേയും യൂണിവേഴ്സിറ്റി കോളേജിലെ മൂന്നാം വർഷ ബിരുദവിദ്യാർത്ഥി ഷഹീറിനേയും ഫെബ്രുവരി 17-ാം തീയതി രാത്രി പത്തുമണിയോടെ ദേഹോപദ്രവം ഏല്പിച്ച സംഭവമുണ്ടായിട്ടുണ്ട്. അന്ധവിദ്യാർത്ഥികളായ രണ്ടുപേരെയും പാളയത്തുള്ള ഗവൺമെന്റ് കോളേജ് മെൻസ് ഹോസ്റ്റലിൽ ഗസ്റ്റ് ആയി താമസിക്കുന്ന രണ്ടു പേരും കണ്ടാലറിയാവുന്ന മറ്റ് രണ്ടുപേരും ചേർന്ന് ദേഹോപദ്രവം ഏല്പിച്ചതായാണ് പരാതി. 17-2-2001-ന് രാത്രി പത്ത് മണിയോടെ ഹോസ്റ്റലിന്റെ മുൻഭാഗത്ത് ഫുട്പാത്തിൽ നില്ക്കുന്ന സമയത്ത് ശ്രീകുമാറിന്റെ ഷർട്ടിന്റെ പോക്കറ്റിൽ കൈയ്യിട്ട് കാശെടുക്കുവാൻ ഒരാൾ ശ്രമിക്കുകയും അതിനെ എതിർത്തപ്പോൾ മറ്റുള്ളവർ ശ്രീകുമാറിനേയും കൂടെയുണ്ടായിരുന്ന ഷഹീറിനേയും ദേഹോപദ്രവം ഏല്പിച്ചതുമായാണ് പരാതി. പരാതിയെ തുടർന്ന് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 65/2001 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ദേഹോപദ്രവം ഏല്പിക്കപ്പെട്ട ശ്രീകുമാർ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ചികിത്സയിലാണ്. ഷഹീർ

LIBRARY ARCHIVES Kerala Legislative Assembly